# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/230/2017 2017 നവംബർ 02

## <u>പത്രക്കുറിപ്പ്</u>

**ജൈവം 2017 – ത്രിദിന പരിശീലനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അന്തർസർവ്വകലാശാലാ ജൈവ കൃഷിപഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൈവം 2017 രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസർമാർക്കായി ഇന്ന് (നവംബർ 3) മുതൽ സംഘടിപ്പിക്കുന്ന ത്രിദിന സംസ്ഥാനതല പരിശീലന പരിപാടിയുടെ ഉദ്ഘാടനം രാവിലെ 10.30ന് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നിർവ്വഹിക്കും. രജിസ്ട്രാറും അന്തർസർവ്വകലാശാലാ ജൈവകൃഷി പഠനകേന്ദ്രം ഡയറക്ടറുമായ എം.ആർ. ഉണ്ണി, എൻ.എസ്.എസ്. സംസ്ഥാന ലെയ്സൺ ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ, കെ.വി. ദയാൽ എന്നിവർ വിഷയാവതരണം നടത്തി സംസാരിക്കും. കോഴാ ജില്ലാ കൃഷിഫാമിലെ അഗ്രികൾച്ചറൽ ഓഫീസർ ജോ പൈനാപ്പള്ളി, ജൈവം ടെക്നിക്കൽ കൺസൾട്ടന്റുമാരായ അബ്രാഹം പി. മാത്യു, ജയപ്രകാശൻ സി.എസ്. എന്നിവർ പ്രായോഗിക പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകും.

**പരീക്ഷാഫലം**

2017 മെയ് മാസം നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. സുവോളജി (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 15 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ആനിമേഷൻ, സിനിമ & ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ & മൾട്ടിമീഡിയ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 14 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ & ജേർണലിസം (പി.ജി.സി.എസ്.എസ്. – റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 16 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ബയോ ഇൻഫർമാറ്റിക്സ് (പി.ജി.സി.എസ്.എസ്. റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 16 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ ഏഴും എട്ടും പത്തും സെമസ്റ്റർ ബി.ആർക്ക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 16 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസത്തിൽ നടത്തിയ ഒന്നാം വർഷ ബി.എസ്.സി. നേഴ്സിംഗ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 14 വരെ അപേക്ഷിക്കാം.

**ബി.കോം സൂക്ഷ്മപരിശോധന**

2017 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്.) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന (സ്ക്രൂട്ടിനി) നവംബർ 8, 9, 10 തീയതികളിൽ

നടത്തുന്നതാണ്. അപേക്ഷകർ മേൽപ്പറഞ്ഞ തീയതികളിൽ തിരിച്ചറിയൽ രേഖകളുമായി ബി.കോം റീവാല്യുവേഷൻ സെക്ഷനിൽ (റൂം നമ്പർ 225) ഹാജരാകേണ്ടതാണ്.

**യു.ജി. പരീക്ഷകൾ : സ്റ്റോക്ക് ഫൈനലൈസേഷൻ**

2017 ഒക്ടോബറിൽ നടന്ന മൂന്നും അഞ്ചും സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകളുടെ സ്റ്റോക്ക് ഫൈനലൈസേഷൻ നടത്താനുള്ള കോളേജുകൾ നവംബർ 4 ന് മുൻപ് നിർബ്ബന്ധമായും ചെയ്യേണ്ടതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**